# Std. I - Chapter 1 - Revision - Main points

## പാഠം 1 — ലോകം എത്ര സുന്ദരം!

| No. | ചോദ്യം | ഉത്തരം |
|---|---|---|
| **A** | **ചോദ്യങ്ങളും ഉത്തരങ്ങളും** | |
| 1 | സീറോ മലബർ സഭയുടെ വിശ്വാസ പരിശീലന പാഠപുസ്തക പരമ്പരയായ രക്ഷയുടെ പാതയിലിന്റെ ഒന്നാം ക്ലാസ്സിലെ പുസ്തകത്തിന്റെ പേര്: | സൃഷ്ടാവായ ദൈവം |
| 2 | ഒന്നാം ക്ലാസ്സിലെ പുസ്തകത്തിന്റെ ഒന്നാം പാഠത്തിന്റെ പേര്: | ലോകം എത്ര സുന്ദരം! |
| 3 | ലോകം എങ്ങനെയുള്ളതാണ്? | ലോകം വളരെ സുന്ദരമാണ്. |
| 4 | ലോകത്തിൽ എന്തെല്ലാം നിറങ്ങളുണ്ട്? | മഞ്ഞ, ചുവപ്പ്, വെള്ള, റോസ് തുടങ്ങിയ പല നിറങ്ങളുണ്ട്. |
| 5 | പൂക്കൾ എങ്ങനെയുള്ളവയാണ്? | ചെറുതും വലുതും മണമുള്ളതും മണമില്ലാത്തതുമായ പൂക്കളുണ്ട്. |
| 6 | പൂക്കൾ കാണുമ്പോൾ നമുക്ക് എന്തു തോന്നും ? | പൂക്കൾ വളരെ മനോഹരമായിരിക്കുന്നു എന്നു തോന്നും. |
| 7 | പൂക്കളും പുല്ലും ആരുടെ സൃഷ്ടിയാണ്? | ദൈവത്തിന്റെ സൃഷ്ടിയാണ്. |
| 8 | പുല്ലും പൂവും കൂടാതെ ലോകത്തെ മനോഹരമാക്കുന്നവ എന്തെല്ലാം? | പൂന്തോട്ടങ്ങളും സുന്ദര സസ്യലതാദികളും ലോകത്തെ മനോഹരമാക്കുന്നു. |
| 9 | സുന്ദരമായ സസ്യലതാദികൾ ആരുടെ കൈവിരുതാണ്? | ദൈവത്തിന്റെ കൈവിരുതാണ്. |
| 10 | പകൽ വെളിച്ചം നൽകുന്നത് ആര്? | സൂര്യൻ. |
| 11 | രാത്രിയിൽ പ്രകാശം നൽകുന്നത് ആരൊക്കെയാണ്? | ചന്ദ്രനും നക്ഷത്രങ്ങളും. |
| 12 | പക്ഷികളിൽ ഏതെല്ലാം ഉദാഹരണങ്ങൾ പാഠത്തിൽ പറയുന്നു? | കുയിലുകളും മയിലുകളും. |
| 13 | കുയിലുകൾ എന്തു ചെയ്യുന്നു? | കുയിലുകൾ പാടുന്നു. |
| 14 | മയിലുകൾ എന്തു ചെയ്യുന്നു? | മയിലുകൾ ആടുന്നു. |
| 15 | പഴങ്ങളെക്കുറിച്ച് പാഠത്തിൽ എന്താണ് പറയുന്നത്? | മധുരമുള്ള പഴങ്ങളെക്കുറിച്ച് പറയുന്നു. |
| 16 | പഴങ്ങൾക്കു പുറമേ ഭക്ഷിക്കാനായി എന്താണ് പാഠത്തിൽ പറയുന്നത്? | രുചിയുള്ള കായ്കനികളെക്കുറിച്ച് പറയുന്നു. |
| 17 | ലോകത്തിലെ മനോഹരമായ കാര്യങ്ങൾ കാണുമ്പോൾ നാം എന്തു ചെയ്യണം? | അവയെല്ലാം സൃഷ്ടിച്ച ദൈവത്തെ സ്തുതിക്കുകയും നന്ദി പറയുകയും വേണം. |
| 18 | നമുക്ക് ദൈവത്തെ സ്തുതിക്കാമോ? | അതെ, നമുക്ക് ദൈവത്തെ സ്തുതിക്കാം. |
| 19 | ദൈവത്തെ എങ്ങനെ സ്തുതിക്കാം? | പാടിയും കൈകൾ കൂപ്പിയും ദൈവത്തെ സ്തുതിക്കാം. |
| 20 | നാം ആരെയാണ് സ്തുതിക്കേണ്ടത്? | നമ്മുടെ കർത്താവും പരമോന്നതനുമായ ദൈവത്തെ സ്തുതിക്കണം. |
| 21 | ദൈവം നമുക്ക് എന്തെല്ലാം നൽകിയിരിക്കുന്നു ? | സുന്ദരമായ ലോകവും അതിലെ സകല സൃഷ്ടികളും ദൈവം നമുക്ക് നൽകിയിരിക്കുന്നു. |
| 22 | ദൈവം നമുക്ക് നൽകിയിരിക്കുന്ന സൃഷ്ടികളെക്കുറിച്ച് നാം എന്തു പറയണം? | "ദൈവമേ, അങ്ങ് രൂപം കൊടുത്തതെല്ലാം എത്ര മനോഹരം !" എന്നു പറഞ്ഞ് ദൈവത്തിന് നന്ദി പറയണം. |

| No. | ചോദ്യം | ഉത്തരം |
|---|---|---|
| 23 | ദൈവത്തിന് നന്ദി പറയേണ്ടത് എന്തുകൊണ്ട്? | **ദൈവം നമുക്ക് നല്ലവനാകുന്നു എന്നതിനാൽ ദൈവത്തിന് നന്ദി പറയണം.** |
| 24 | ദൈവം നല്ലവനാണെന്ന് പറയുന്ന തിരുവചനം ഏതാണ്? | **സങ്കീർത്തനം 107:1.** |
| 25 | സങ്കീർത്തനം 107:1ൽ എന്താണ് പറയുന്നത്? | **"കർത്താവിനു നന്ദി പറയുവിൻ; അവിടുന്ന് നല്ലവനാകുന്നു ".** |

## B. പഠിക്കേണ്ട പ്രധാന ആശയങ്ങൾ

| | |
|---|---|
| | **ലോകം വളരെ സുന്ദരമാണ്.** |
| | **പൂക്കൾ, സസ്യങ്ങൾ, മരങ്ങൾ, പക്ഷികൾ, പഴങ്ങൾ, കായ്കറികൾ എന്നിവ ദൈവത്തിന്റെ സൃഷ്ടികളാണ്.** |
| | **സൂര്യൻ പകൽ വെളിച്ചം നൽകുന്നു.** |
| | **ചന്ദ്രനും നക്ഷത്രങ്ങളും രാത്രിയിൽ പ്രകാശം നൽകുന്നു.** |
| | **കുയിൽ പാടുകയും മയിൽ ആടുകയും ചെയ്യുന്നു.** |
| | **ദൈവത്തിന്റെ സൃഷ്ടികളെല്ലാം മനോഹരമാണ്.** |
| | **ദൈവം നമുക്ക് നൽകിയ സകല നന്മകൾക്കും നാം ദൈവത്തിന് നന്ദി പറയണം.** |
| | **ദൈവത്തെ സ്തുതിക്കുകയും നന്ദി പറയുകയും ചെയ്യുക എന്നതാണ് ഈ പാഠത്തിന്റെ പ്രധാന സന്ദേശം.** |

## C പ്രധാന ബൈബിൾ വാക്യങ്ങൾ

| | | |
|---|---|---|
| 1 | സങ്കീർത്തനം 107:1 | "കർത്താവിനു നന്ദി പറയുവിൻ; അവിടുന്ന് നല്ലവനല്ലോ; അവിടുത്തെ സ്നേഹം എന്നേക്കും നിലനിൽക്കുന്നു." |
| 2 | ഉല്പത്തി 1:31 | "താൻ സൃഷ്ടിച്ചതെല്ലാം വളരെ നന്നായിരിക്കുന്നുവെന്ന് ദൈവം കണ്ടു." |

## D ഓർമ്മിക്കേണ്ട വാക്യം

"കർത്താവിനു നന്ദി പറയുവിൻ, എന്തെന്നാൽ അവിടുന്ന് നല്ലവനാകുന്നു." — സങ്കീർത്തനം 107:1

| | |
|---|---|
| **Note for all chapters** | **ശ്രദ്ധിക്കുക:** പാഠത്തിന്റെ സംഗ്രഹമാണ് ചോദ്യോത്തരരൂപത്തിൽ കൊടുത്തിരിക്കുന്നത്. ചോദ്യത്തിലും ഉത്തരത്തിലും മറ്റു പല ചോദ്യോത്തരങ്ങൾ ഒളിഞ്ഞിരിപ്പുണ്ട്. ചോദ്യം എങ്ങനെയുള്ളതായാലും അത് മനസ്സിലാക്കി ചോദ്യത്തിനനുസരിച്ച് ശരിയായ ഉത്തരം പറയുക. പുസ്തകം വായിച്ചതിനുശേഷമാണ് പാഠത്തിന്റെ സംഗ്രഹം പഠിക്കേണ്ടത്. |
| | *Suggestions, if any, may please be sent to annmariapublishers@gmail.com* |